പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1991      01.02.2018-ലെ മറുപടിക്ക്

# കെ. എസ്. ആർ. ടി .സി. ബസ്സുകളുടെ രാത്രി സ്റ്റോപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

<table>
<tr><td>(എ)</td><td>കെ. എസ്. ആർ. ടി. സി. ബസ്സുകൾ രാത്രി കാലങ്ങളിൽ എവിടെയൊക്കെ നിർത്തണമെന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് നൽകാമോ;</td><td>(എ)</td><td>പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഉത്തരവുകൾ ലംഘിച്ചതു സംബന്ധിച്ച പരാതികൾ 2017 - 18 വർഷത്തിൽ എത്രയെണ്ണം ലഭിച്ചു;</td><td rowspan="2">(ബി) യും<br>(സി) യും</td><td rowspan="2">72 പരാതികൾ ലഭിച്ചിട്ടുണ്ട്.<br>പ്രസ്തുത പരാതിയിന്മേൽ വിശദമായ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തിയ ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് തരംതിരിവും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ 15-ഉം 16-ഉം പ്രകാരം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കണ്ടക്ടർ വിഭാഗം: 2 പേർക്ക് ശക്തമായ താക്കീത് നൽകുകയും, ഒരാളെ സ്ഥലംമാറ്റുന്നതോടൊപ്പം Censure ചെയ്യുകയും ചെയ്തു. 9 പേർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.<br>ഡ്രൈവർ വിഭാഗം: ഒരാൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പരാതികളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ടി.ആർ.1/040730/03

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി : 17.05.2012.

<u>മെമ്മോറാണ്ടം</u>

വിഷയം: രാത്രി സമയങ്ങളിൽ ബസ് നിർത്തുന്നത് സംബന്ധിച്ച്-
സൂചന: ഇതേ നമ്പരിലെ 28.02.2007 ലെ മെമ്മോറാണ്ടം.

രാത്രി സമയങ്ങളിലെ യാത്രക്കാരുടെ സൗകര്യാർത്ഥവും പ്രത്യേകിച്ച് രാത്രികാലങ്ങളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വവും കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.യുടെ എല്ലാ സർവ്വീസുകളും രാത്രി 0800 മണിക്കും രാവിലെ 0600 മണിക്കും മദ്ധ്യേ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തേണ്ടതാണെന്ന് മേൽ സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ പാലിക്കുന്നില്ലായെന്നുള്ള ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ടി ഉത്തരവ് കെ.എസ്.ആർ.ടി.സി. യുടെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ ഉൾപ്പെടെ എല്ലാത്തരം സർവ്വീസുകൾക്കും ബാധകമാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

17.5.12

ചീഫ് ട്രാഫിക് മാനേജർ ഇൻ-ചാർജ് ഓഫ്
എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)

17/5/12

എല്ലാ യൂണിറ്റധികാരികൾക്കും (ഉത്തരവിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ
പ്രദർശിപ്പിക്കുന്നതിന്)
എല്ലാ മേഖലാ അധികാരികൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും
വിജിലൻസ് ഓഫീസർക്ക്.

സെക്ഷൻ ഓഫീസർ

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: റ്റി.ആർ.1-40730/2003

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി : 22.07.2014

മെമ്മോറാണ്ടം

വിഷയം :- രാത്രി സമയങ്ങളിൽ ബസ് നിർത്തുന്നത് സംബന്ധിച്ച് -
സൂചന :- ഇതേ നമ്പരിലെ 05.06.2006, 28.02.2007 തിയതികളിലെ മെമ്മോറാണ്ടങ്ങൾ.

രാത്രി സമയങ്ങളിലെ യാത്രക്കാരുടെപ്രത്യേകിച്ച് സ്ത്രീകളുടെസൗകര്യാർത്ഥം കെഎസ്.ആർ.ടി.സിയുടെ സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഡീലക്സ് തുടങ്ങി എല്ലാ സർവ്വീസുകളും രാത്രി 0900 മണിക്കും രാവിലെ 0600മണിക്കും മദ്ധ്യേ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തേണ്ടതാണെന്നുള്ള 05.06.2006ലെ നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ലായെന്ന് നിരവധി പരാതികൾ ലഭ്യമായതിനെ തുടർന്ന് രാത്രികാലങ്ങളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വവും ബാഹുല്യവും കണക്കിലെടുത്ത് കെഎസ്.ആർ.ടി.സിയുടെ എല്ലാ സർവ്വീസുകളും രാത്രി 0800 മണിക്കും രാവിലെ 0600മണിക്കും മദ്ധ്യേ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തേണ്ടതാണെന്ന് 28.02.2007ൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം ജീവനക്കാർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് യൂണിറ്റ് അധികാരികൾ ഉറപ്പുവരുത്തുന്നതിന് ഒരിക്കൽക്കൂടി നിർദ്ദേശിക്കുന്നു.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

എല്ലാ യൂണിറ്റധികാരികൾക്കും-നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്
എല്ലാ മേഖലാ അധികാരികൾക്കും.
വിജിലൻസ് ഓഫീസർക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും.

പകർപ്പ്:-
സി.എം.ഡിയുടെ പി.എസിന്.

സെക്ഷൻ ഓഫീസർ